# അക്കാദമിക മാസ്റ്റർ പ്ലാൻ — അടിസ്ഥാന ശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | - ഔഷധസസ്യങ്ങൾ പരിചയപ്പെടൽ<br>- ആവാസവ്യവസ്ഥകൾ സന്ദർശിക്കൽ<br>- പച്ചക്കറിത്തോട്ടം സന്ദർശിക്കൽ<br>- സ്കൂളിൽ പച്ചക്കറി നടൽ | അക്കാദമിക വർഷം | ബന്ധപ്പെട്ട അധ്യാപകർ |
| 2 | ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക. ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനും പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടാനുമുള്ള കഴിവ് വർദ്ധിപ്പിക്കുക | - നിത്യജീവിതത്തിൽ പരിമിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായി ശാസ്ത്രപരീക്ഷണങ്ങളിൽ ഏർപ്പെടൽ<br>- സയൻസ് കിറ്റ് തയ്യാറാക്കൽ<br>- സ്കൂൾ ശാസ്ത്രോത്സവം സംഘടിപ്പിക്കൽ | അക്കാദമിക വർഷം | അധ്യാപകർ |
| 3 | ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിന് ഉപയുക്തമാക്കുക. | - ICT യുടെ സഹായത്തോടെ ശാസ്ത്രവിദ്യകൾ കുട്ടികളിൽ എത്തിക്കുന്നു<br>- പാഠഭാഗവുമായി ബന്ധപ്പെടുത്തുന്ന വീഡിയോകൾ പ്രദർശിപ്പിക്കുന്നു. | അക്കാദമിക വർഷം | ബന്ധപ്പെട്ട അധ്യാപകർ |

മേഖല: അക്കാദമികം

ഉപമേഖല: സാമൂഹ്യശാസ്ത്രം

| ലക്ഷ്യം: | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1) മനുഷ്യന്റെ പരിണാമത്തെ കുറിച്ച് തിരിച്ചറിയൽ | മനുഷ്യപരിണാമത്തെക്കുറിച്ച് ഫ്ലോചാർട്ട് തയ്യാറാക്കുന്നു. | അക്കാദമികവർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| 2) വിവിധ രാഷ്ട്രങ്ങളുടെ പ്രധാന്യം തിരിച്ചറിയുക. | ആൽബം നിർമ്മിക്കൽ | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് [illegible] | അക്കാദമികവർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| 4) പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടുക. | ഭൂകമ്പം / സുനാമി സുനാമി എന്നിവയുടെ ചിത്രങ്ങൾ ശേഖരിക്കുക. | അക്കാദമികവർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |

| | | | |
|---|---|---|---|
| 5 സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രാപ്തരാക്കുക. | പ്രകൃതി ദുരന്തങ്ങൾ, സംഭവിച്ച സ്ഥലങ്ങൾ / ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സാമൂഹികശാസ്ത്രാധ്യാപിക |
| 6) | | | |
| 7) വിവരസാങ്കേതിക വിദ്യയുടെ ദുരുപയോഗത്തെക്കുറിച്ച് റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക. | റോഡ് സുരക്ഷയെ പറ്റി കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ class കൊടുക്കുക. | അക്കാദമിക വർഷം | സാമൂഹികശാസ്ത്രാധ്യാപിക |

Academic Master plan.
English

Class - V

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| തെറ്റ് കൂടാതെ ഇംഗ്ലീഷ് വായിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | Lend Your Ear<br>ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂൺ & ജൂലൈ | ഇംഗ്ലീഷ് അധ്യാപിക |
| | Follow me If You Can<br>ഇംഗ്ലീഷിൽ നൽകുന്ന നിർദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കാനുള്ള അവസരം നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപിക |
| | Breaking News - ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം നൽകുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപിക |
| | Missing Man<br>അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം record ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | ഒക്ടോബർ, നവംബർ | ഇംഗ്ലീഷ് അധ്യാപിക ചുമതലപ്പെട്ട കുട്ടികൾ |

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| | One Man Show<br>ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഡിസംബർ | ഇംഗ്ലീഷ് അധ്യാപിക |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | I Too Can<br>വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റു കൂടാതെ വായിക്കാൻ അവസരം നൽകുന്നു. ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക് | ജനുവരി. | ഇംഗ്ലീഷ് അധ്യാപിക |
| | Learning Ladder.<br>പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കുട്ടികൾക്ക് വായിക്കുവാൻ അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പടിപടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യും. | ഫെബ്രുവരി * മാർച്ച് | ഇംഗ്ലീഷ് അധ്യാപിക |

# Academic Master Plan
## English

Class. VI

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതുവാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | ~~Alert~~ Alert zone<br>സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസ് എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ്സ് റൂമിലുമായി പ്രദർശിപ്പിക്കുന്നു. | ജൂൺ - ജൂലൈ ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപിക |
| | Run baby Run:<br>ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്ക്/വാക്യം തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ |
| | Fun time<br>കടംകഥകൾ, കുസൃതിചോദ്യങ്ങൾ ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | സെപ്റ്റംബർ, ഒക്ടോബർ | |

| | | | |
|---|---|---|---|
| | **Role play**<br>പാഠഭാഗങ്ങളിലെ കഥാപാത്രങ്ങളെ class-ൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | നവംബർ/ എല്ലാ ഇംഗ്ലീഷ് പീരിയഡും | ഇംഗ്ലീഷ് അധ്യാപകർ |
| | **Poetry / speech**<br>കവിത, പ്രസംഗം എന്നിവ ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ഡിസംബർ/ എല്ലാ ആഴ്ചയിലും ഒരു പീരിയഡ്. | ഇംഗ്ലീഷ് അധ്യാപകർ |
| | **My droplets**<br>കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ്സ് മാഗസിൻ / മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു | ജനുവരി. | ഇംഗ്ലീഷ് അധ്യാപകർ |
| | **Reader of the month**<br>ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ |

# Academic Master plan
## English

Class : VII

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്ന തെറ്റു കൂടാതെ ഇംഗ്ലീഷ് എഴുതാനും വായിക്കാനും പറയാനും ഒരോ ക്ലാസ്സ് കഴിയുന്തോറും കുട്ടികളെ തയ്യാറാക്കുക/ പരിശീലിപ്പിക്കുക. | Reader's Theatre<br>വ്യത്യസ്തമായ കഥകൾ, വിവരണം, കവിതകൾ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപിക |
| | Role play/skit<br>പാഠഭാഗങ്ങൾ/situations നാടകം/skit രൂപത്തിൽ അവതരിപ്പിക്കാനുള്ള അവസരം കുട്ടികൾക്ക് നൽകുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപിക |
| | Reader of the Month<br>ഏറ്റവും നല്ല വായനക്കാരനെ/കാരിയെ തെരഞ്ഞെടുത്ത് സമ്മാനം നൽകുന്നു. ഇംഗ്ലീഷ് News paper ഉപയോഗിക്കുന്നു. | ആഗസ്റ്റ് (ഓരോ ആഴ്ചയിലും മത്സരം സംഘടിപ്പിക്കുന്നു) | ഇംഗ്ലീഷ് അധ്യാപിക |
| | One Man show/ English Assembly<br>ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് അവസരം നൽകുന്നു. മാസത്തിൽ ഒരിക്കൽ assembly സംഘടിപ്പിക്കുന്നു. | സെപ്തംബർ/ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപിക ഇംഗ്ലീഷ് ക്ലബ്ബ് |

Class - VII

| | | | |
|---|---|---|---|
| ഇംഗ്ലീഷിൽ ആശയവിനിമയത്തിന് അവസരം നൽകി ആത്മവിശ്വാസം വളർത്തുന്നു. | Treasure Hunt<br>വ്യത്യസ്തമായ ഉപയോഗിച്ച് വസ്തുക്കളെ വിവരിക്കാൻ അവസരം നൽകുന്നു. വസ്തു ഏതെന്ന് മറ്റു കുട്ടികൾ തിരിച്ചറിയുന്നു. പോയന്റ് നൽകുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ ക്ലബ്ബ് അംഗങ്ങൾ |
| | Breaking News<br>ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം നൽകുന്നു. | ഡിസംബർ | ഇംഗ്ലീഷ് അധ്യാപകർ |
| | Conversational challenge<br>ഒരു doctor-patient, teacher-Student Merchant-buyer group ആക്കി, കുട്ടികളുടെ conversation skill വിലയിരുത്തി സമ്മാനം നൽകുന്നു. | 2-3 times a week (ജനുവരി) | |
| | The Grand camp<br>ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5, 6, 7 ക്ലാസ്സിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം നൽകുന്നു | ഫിബ്രവരി/മാർച്ച് | എല്ലാ അധ്യാപകരും |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - UP. Maths

ഗണിതാശയങ്ങൾ കുട്ടികളിൽ ഉറപ്പിക്കുന്നതിനും ഗണിത ചിന്തകൾ വളർത്തുന്നതിനും, അടിസ്ഥാന ശേഷി നേടിയെടുക്കുന്നതിനും, പഠനം കഴിഞ്ഞുള്ള ഗണിതസന്ദർഭങ്ങളെ പരിചയപ്പെടുത്തുന്നതിനുമായി ജൂൺ മാസത്തിലെ മൂന്നാമത്തെ ആഴ്ചയ്ക്കുള്ളിൽ തന്നെ മുൻകൂട്ടി തയ്യാറാക്കിയ ചോദ്യങ്ങൾ ഉപയോഗിച്ച് നടത്തുന്ന മൂല്യനിർണയത്തിലൂടെ കുട്ടികളെ താഴെ പറയുന്ന ഗ്രൂപ്പുകളായി തരം തിരിക്കുന്നു.

Group - I - ഗണിതത്തിലെ അടിസ്ഥാന ക്രിയ ശേഷി നേടിയിട്ടില്ലാത്തവർ

Group II ചതുഷ്ക്രിയാ ശേഷി നേടിയിട്ടുണ്ടെങ്കിലും ഗണിതാശയം ഉപയോഗിച്ച് പ്രശ്നനിർധാരണം ചെയ്യാൻ സാധിക്കാത്തവർ

Group III - ഗണിതാശയ ധാരണയുള്ളവർ, ഗണിതത്തിൽ മികച്ച നിലവാരമുള്ളവർ.

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നടപ്പിലാക്കുന്നത് | വേണ്ട തുക |
|---|---|---|---|---|---|---|
| 1 | ഗണിത-കേളി | ഗണിതത്തിൽ പിന്നോക്കക്കാരെ മുന്നിലെത്തിക്കൽ | കളി, പാട്ട്, കമ്പ്യൂട്ടർ ഗെയിം നിർമാണം. ജ്യാമിതീയ പാറ്റേൺ, ഗണിത ക്വിസ്, പസിൽ. | 1 വർഷം | PTA, ഗണിതാധ്യാപകർ. | — |
| 2 | ചതുഷ്ക്രിയാ ബോധം | ചതുഷ്ക്രിയ ഉറപ്പാക്കൽ. | ഗണിതകേളി, ഗണിതലാബ് എന്നിവയുടെ സഹായത്തോടെ (ജിയോ ജിബ്ര) ചതുഷ്ക്രിയ പഠനം ഉറപ്പാക്കൽ. | തുടർപ്രവർത്തനം | ഗണിതാധ്യാപകർ | — |
| 3 | ശില്പശാല | ഗണിതപഠനം നിർമാണത്തിലൂടെ എളുപ്പമാക്കൽ. | ശില്പശാല സംഘടിപ്പിക്കൽ, - ഗണിതചാർട്ടുകൾ ഗണിതപഠനോപകരണങ്ങൾ നിർമിക്കൽ | വർഷത്തിൽ 1 പ്രാവശ്യം | PTA ഗണിതാധ്യാപകർ. | PTA+Trs 3000 രൂപ |

# അക്കാദമിക് മാസ്റ്റർപ്ലാൻ മലയാളം.

ലക്ഷ്യം : എല്ലാ കുട്ടികൾക്കും മലയാളം വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കൽ എൽ.പി. യു.പി.

## പ്രവർത്തനങ്ങൾ

- പ്രീ-ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു. എസ്. ആർ. ജി ചർച്ച. തുടർപ്രവർത്തനം.
- ചിത്രങ്ങളിലൂടെ അക്ഷരം ഉറപ്പിക്കുക. അക്ഷരകാർഡ്.
- അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ. വാക്കുകളിലൂടെ വാക്യങ്ങൾ നിർമ്മിക്കൽ.
- ചിത്രം നോക്കി കഥ പറയൽ.
- ചിത്രം നോക്കി കഥ എഴുതൽ.
- വായനകാർഡുകൾ നൽകൽ.

  ഐ.സി.ടി. സാധ്യത.
- ക്ലാസ് ലൈബ്രറി ഉപയോഗപ്പെടുത്തൽ.
- വീഡിയോ ചിത്രങ്ങളിലൂടെ വാക്കുകൾ, വാക്യങ്ങൾ, സംഭാഷണങ്ങൾ എന്നിവ കണ്ടെത്തി എഴുതൽ.
- അടിക്കുറിപ്പ്, പോസ്റ്റർ രചന.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങളും ഉത്സവങ്ങളും.

## മലയാളം LP, UP

### ലക്ഷ്യം

- സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കുക
- പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കുക.

### പ്രവർത്തനങ്ങൾ:-

- ലൈബ്രറിയിലുള്ള പുസ്തകങ്ങൾ ഏതൊക്കെയെന്ന് ലിസ്റ്റ് തയ്യാറാക്കുന്നു.
- ലൈബ്രറി ആകർഷകമാക്കുന്നു.
- മുഴുവൻ സമയവും ലൈബ്രറി സജീവമാക്കുക.
- ഓരോ ക്ലാസിലേക്കും ആവശ്യമായ പുസ്തകങ്ങൾ വിതരണം ചെയ്യുക.
- സജീവ വായനശാലകളിൽ അംഗത്വം.
- വായനക്കുറിപ്പുകൾ തയ്യാറാക്കൽ - മികച്ചതിന് സമ്മാനം.
- വായനാനുഭവം പങ്കിടൽ
- ഡയറിക്കുറിപ്പുകൾ.
- ആനുകാലികപ്രസിദ്ധീകരണങ്ങൾ - വായന.
- സാഹിത്യകാരന്മാരുടെ ജീവിതം, പുസ്തകം എന്നിവ പരിചയപ്പെടുത്തൽ ICT.
- വായനാസാമഗ്രികൾ വികസിപ്പിക്കുന്നു. ഇ-വായന.